LIBRARY ARCHIVES Kerala Legislative Assembly

രാസ അപകടങ്ങൾ നിയന്ത്രണ വിധേയമാക്കാനുള്ള സംവിധാനം

63 (5468) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ രാസ അപകടങ്ങൾ നിയന്ത്രണ വിധേയമാക്കാനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) ഈ സെന്ററിൽ വിദേശരാജ്യങ്ങളിൽ നിന്ന് ട്രെയിനിംഗ് കിട്ടിയ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടോ ;

(സി) രാസ അപകടങ്ങൾ നിയന്ത്രണ വിധേയമാക്കാനുള്ള എന്തൊക്കെ ട്രെയിനിംഗുകളാണ് ഈ സെന്ററിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കെമിക്കൽ എമർജൻസി റസ്പോൺസ് സെന്ററിന്റെ പ്രധാന ലക്ഷ്യം ഫാക്ടറികളിൽ രാസ അപകടങ്ങൾ ഒഴിവാക്കുകയും നിയന്ത്രണവിധേയമാക്കുകയും ചെയ്യുകയാണ്. ഈ സ്ഥാപനത്തിന്റെ പ്രയോജനം കേരളത്തിൽ എല്ലാ ജില്ലകളിലും ലഭ്യമാകുന്ന വിധത്തിലുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥാപനത്തിൽ നിന്നും ഫാക്ടറി മാനേജ്മെന്റ്, സൂപ്പർവൈസർ, ട്രേഡ് യൂണിയൻ റപ്രസന്റേറ്റീവ്, പോലീസ്, ഫയർഫോഴ്സ്, റവന്യൂ, പൊതുജനങ്ങൾ തുടങ്ങി സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാവർക്കും ട്രെയിനിംഗ് കൊടുക്കാനുള്ള സംവിധാനമുണ്ട്.

(ബി) ഇല്ല.

(സി) രാസഅപകടങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിനുവേണ്ടി ഡയറക്ടറേറ്റ് ജനറൽ, ഫാക്ടറി അഡ്വൈസ് സർവീസ് ആന്റ് ലേബർ ഇൻസ്റ്റിറ്റ്യൂട്ട്സ് (DGFASLI) ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ്, റീജിയണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ട്.

പുതിയ ഐ.ആർ.സി.കൾ

64 (5469) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് എത്ര ഐ.ആർ.സി.കളാണ് നിലവിലുണ്ടായിരുന്നത് ; അവ ഏതൊക്കെ ;